ഉത്തരം

(എ) പട്ടികടിയേറ്റവർക്ക് നൽകുന്ന മരുന്നുകൾക്ക് 2011 മുതൽ 2015 വരെ ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തതുമൂലം സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിൽനിന്ന് മരുന്ന് വാങ്ങുന്നവരുടെ എണ്ണം ആരോഗ്യവകുപ്പിൽ ലഭ്യമല്ല.

(ബി) പട്ടി കടിയേറ്റവർക്ക് നൽകുന്ന മരുന്നുകൾ ആന്റി റാബീസ് വാക്സിനും ഇക്വൻ ആന്റി റാബീസ് ഇമ്മ്യൂണോ ഗ്ലോബലിനുമാണ്. ആന്റി റാബീസ് വാക്സിന്റെ വില നീതി മെഡിക്കൽ സ്റ്റോറിൽ 277 രൂപയും ആരോഗ്യവകുപ്പിനു കീഴിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ (ആശുപത്രി വികസന സമിതി നടത്തുന്ന സ്റ്റോറുകൾ) 286 രൂപയും കാരുണ്യ മെഡിക്കൽ സ്റ്റോറിൽ 258 രൂപയുമാണ്. ഈ മരുന്നിന് സ്വകാര്യ മെഡിക്കൽ സ്റ്റോറിൽ 318 രൂപയാണ് വില. ഇക്വൻ ആന്റി റാബീസ് ഇമ്മ്യൂണോ ഗ്ലോബലിന് നീതി മെഡിക്കൽ സ്റ്റോറിൽ 565 രൂപയും ആരോഗ്യവകുപ്പിനു കീഴിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ (ആശുപത്രി വികസന സമിതി നടത്തുന്ന സ്റ്റോറുകൾ) 585 രൂപയും കാരുണ്യ മെഡിക്കൽ സ്റ്റോറിൽ 320 രൂപയുമാണ്. ഈ മരുന്നിന് സ്വകാര്യ മെഡിക്കൽ സ്റ്റോറിൽ 650 രൂപയാണ് വില.

(സി) ഇത് ആരോഗ്യവകുപ്പിന്റെ പരിഗണനയിൽ വരുന്ന വിഷയമല്ല. മറ്റ് വകുപ്പുകളുമായി ചേർന്ന് പരിശോധിക്കുന്നതാണ്.

(ഡി) നായ കടിയേൽക്കുന്നവർക്ക് സൗജന്യ ചികിത്സ സർക്കാർ ആശുപത്രികളിൽ നൽകിവരുന്നുണ്ട്.

(ഇ) തെരുവ് നായകളാൽ ആക്രമിക്കപ്പെടുന്നവർക്കുള്ള മരുന്നുകൾ വാങ്ങുവാൻ കേന്ദ്ര സഹായം ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

ഭക്ഷ്യവസ്തുക്കളിലെ വിഷാംശം

67 (4870) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഴം, പച്ചക്കറി, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിലെ വിഷാംശങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കുന്നതിനായി അനലറ്റിക്കൽ ലാബുകൾ സ്ഥാപിക്കുന്നത് വമ്പിച്ച സാമ്പത്തിക ചെലവുണ്ടാക്കുന്ന വിഷയമാണ്. ആയതു കൊണ്ടുതന്നെ എല്ലാ ജില്ലകളിലും അനലറ്റിക്കൽ ലാബുകൾ സ്ഥാപിക്കുകയെന്നുള്ളത് നിലവിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ പ്രായോഗികമല്ല. അത്തരമൊരു സാഹചര്യംകൂടി കണക്കിലെടുത്ത് സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതാനും അനലറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29-6-2015-ലെ ജി.ഒ.(ആർടി.)നമ്പർ2013/2015 എന്ന ഉത്തരവിലൂടെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ഭക്ഷ്യവസ്തുക്കളിലെ വിഷാംശം പരിശോധിക്കൽ

68 (T4871) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരക കീടനാശിനികൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുള്ള അന്യസംസ്ഥാനങ്ങളിലെ കാർഷിക മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇവിടെനിന്നുമുള്ള ഭക്ഷ്യവസ്തുക്കൾ എപ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലേക്ക് കൊണ്ടുവരുന്ന മാലിന്യ മുക്തമായ ഭക്ഷ്യവസ്തുക്കളുടെ സ്രോതസ്സും മാർക്കറ്റും വെളിപ്പെടുത്തിയാൽ അവ സത്യസന്ധമായിരിക്കുമോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനമുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഗുണനിലവാര പരിശോധനയിൽ യോഗ്യതയില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ അവ അംഗീകൃത മേഖലകളിലെത്തിച്ച് അവിടെനിന്നും വീണ്ടും സംസ്ഥാനത്തേക്ക് എത്തിക്കുമ്പോൾ ആയത് കണ്ടെത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(ഡി) ചെക്ക് പോസ്റ്റിലെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ മറികടന്ന് വിഷം കലർന്നതും ഗുണനിലവാരമില്ലാത്തതുമായ പച്ചക്കറികളും ഭക്ഷ്യവസ്തുക്കളും കേരളത്തിലെത്തുന്നത് തടയുവാൻ വിവിധ ഘട്ടങ്ങളിലായി പരിശോധനകൾ ഏർപ്പെടുത്തുമോ ; പരിശോധനകളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു